## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2239 14.06.2019-ൽ മറുപടിയ്ക്ക്

### നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 2018-19 സാമ്പത്തിക വർഷം പ്രതീക്ഷിച്ച വിധം നികുതി വരുമാനവും നികുതിയേതര വരുമാനവും സമാഹരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്ത് തനത് നികുതി വരുമാനമായി 58588.44 കോടി രൂപ പ്രതീക്ഷിച്ചെങ്കിലും അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം പ്രസ്തുത സാമ്പത്തിക വർഷം 50654.08 കോടി രൂപ മാത്രമേ ലഭിച്ചുള്ളു.<br>നികുതിയേതര വരുമാനമായി 14271.14 കോടി രൂപ പ്രതീക്ഷിച്ചെങ്കിലും അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം പ്രസ്തുത സാമ്പത്തിക വർഷം 10511.22 കോടി രൂപ ലഭിച്ചു. |
| (ബി) | സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (ബി) | നികുതിയേതര വരുമാനത്തിൽ വർദ്ധനവ് ലക്ഷ്യം വച്ച് 08.03.2019 -ലെ സ.ഉ(അച്ചടി)നമ്പർ 28/2019/ധന. പ്രകാരം സർക്കാർ വകുപ്പുകൾ, പൊതുമേഖലാ/ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് നൽകി വരുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസുകൾ/ ചാർജ്ജുകൾ എന്നിവയിൽ 01.04.2019 മുതൽ പ്രാബല്യം നൽകി 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്. എല്ലാ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രതിമാസ നികുതിയേതര വരുമാനം ധനകാര്യ വകുപ്പ് നിരീക്ഷിക്കുന്നുണ്ട്. 3 മാസത്തിലൊരിക്കൽ ധനകാര്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് നികുതിയേതര വരുമാനം അവലോകനം ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ